Page 1 of 3

(സി) ദീർഘനാളായി വായ്പ തിരിച്ചടവ് മുടങ്ങിയവർക്ക് ഒറ്റത്തവണയായി തീർപ്പാക്കുന്നതിന് ആനുകൂല്യം നൽകുന്നുണ്ടോ; വിശദമാക്കാമോ?

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി-2021 നടപ്പിലാക്കി വരുന്നു. ദീർഘനാളായി തിരിച്ചടവ് മുടങ്ങിയവർക്ക് ഇളവുകളോടെ വായ്പ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുന്ന സഹകരണ സംഘം രജിസ്ട്രാറുടെ 32/2021 സർക്കുലർ നിർദ്ദേശം ഉള്ളടക്കം* ചെയ്യുന്നു.

(ഡി) വീടും സ്ഥലവും പണയപ്പെടുത്തി വായ്പയെടുത്ത നിരവധി പേർ തിരിച്ചടവ് മുടങ്ങി സഹകരണ ബാങ്കുകളുടെ ജപ്തി ഭീഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് ആശ്വാസമാകുന്ന നടപടികൾ പരിഗണനയിലുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വായ്പാ കുടിശ്ശിക ഉള്ളവർക്ക് ആശ്വസമേകുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

കോവിഡ് പ്രതിസന്ധി നേരിടുന്നതിനുള്ള സഹായ പദ്ധതികൾ

341 (726) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ, പ്രാഥമിക സഹകരണ സംഘങ്ങൾ, ബാങ്കുകൾ എന്നിവയുടെ കുടിശ്ശിക കുറയ്ക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാമോ?

കോവിഡ് പശ്ചാത്തലത്തിൽ വായ്പക്കാർക്ക് അവരുടെ കടബാദ്ധ്യതയിൽ നിന്നും പരമാവധി മോചനം നൽകുന്നതിനും ബാങ്കുകളിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനുമായി കേരള സംസ്ഥാന സഹകരണ ബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും ഇളവുകളോടെ വായ്പകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) കോവിഡ് പ്രതിസന്ധി നേരിടുന്നതിനുള്ള സഹായ പദ്ധതികൾ സഹകരണ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡ്-19 രോഗബാധ ഉണ്ടായതിനെത്തുടർന്ന് എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 1-3-2020 മുതൽ 31-8-2020 വരെ മ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. കൂടാതെ കോവിഡ് പശ്ചാത്തലത്തിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

1. SLF (Special Liquidity Facility) വായ്പ പദ്ധതി:

കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായ മേഖലയേയും (MSME) സജീവമായി നിലനിർത്തുന്നതിനായി ബാങ്കുകളിൽ നിന്നുള്ള ധനസഹായം മുടക്കം കൂടാതെ നൽകുന്നതിനായി സംസ്ഥാനത്തെ സഹകരണ മേഖലയിൽക്കൂടി വിനിയോഗിക്കുന്നതിന് Special Liquidity Facility(SLF) എന്ന പേരിൽ 2020 വർഷത്തിൽ 2,000 കോടി രൂപയും (SLF-I) 2021 വർഷത്തിൽ 1,670 കോടി രൂപയും (SLF - II) നബാർഡിൽ നിന്നും കേരള സംസ്ഥാന സഹകരണ ബാങ്കിന് ധനസഹായം അനുവദിച്ചിരുന്നു. സംസ്ഥാന സഹകരണ ബാങ്കിൽ കുടിശ്ശിക ഇല്ലാത്ത എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ മുഖേനയാണ് വായ്പ വിതരണം ചെയ്യുന്നത്. ഹ്രസ്വകാല കാർഷിക ഉല്പാദനത്തിനും കാർഷികാനുബന്ധ പ്രവർത്തന മൂലധന ആവശ്യങ്ങൾക്കും (മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യവളർത്തൽ, പൗൾട്രി, നെൽകൃഷി, പച്ചക്കറി കൃഷി ഉൾപ്പെടെയുള്ള തന്നാണ്ട് വിള ഇനങ്ങൾക്ക്) കൂടാതെ MSME (സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ) യൂണിറ്റുകൾക്ക് പ്രവർത്തനമൂലധനമായും ഒരു വർഷക്കാലയളവിൽ തിരിച്ചടയ്ക്കാൻ കഴിയുന്ന പദ്ധതികൾക്കുമാണ് വായ്പ അനുവദിക്കുന്നത്. ചെറുകിട കച്ചവടക്കാർ, വ്യാപാരികൾ, കർഷകർ എന്നിവർക്ക് പ്രവർത്തന മൂലധനം ക്യാഷ് ക്രെഡിറ്റ് ആയോ, മാസത്തവണകളായി ഒരു വർഷക്കാലയളവിൽ തിരിച്ചടയ്ക്കാവുന്ന രീതിയിൽ വായ്പയായും ധനസഹായം അനുവദിക്കുന്നു. ഈ പദ്ധതി പ്രകാരം വ്യക്തികൾക്ക് അനുവദിക്കാവുന്ന പരമാവധി വായ്പാത്തുക 2,00,000 രൂപയാണ്. ഒരു വർഷ കാലാവധിയുള്ള ടി വായ്പയുടെ പലിശ നിരക്ക് 6.40% ആണ്.

2. മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM' s Helping Hand Loan Scheme- CMHLS):

കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 2020 വർഷത്തിൽ ഏർപ്പെടുത്തിയിരുന്ന ലോക്ക്ഡൗണിനെ തുടർന്നുള്ള തൊഴിൽ നഷ്ടവും തൻമൂലം സാധാരണക്കാർക്ക് ഉണ്ടാകുന്ന ദുരിതവും കണക്കിലെടുത്ത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിൽ ഉൾപ്പെട്ട, കുടുംബശ്രീ മുഖേനയുള്ള വായ്പാപദ്ധതിയായ " മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM's Helping Hand Loan Scheme- CMHLS)" പ്രകാരം കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ (കേരള ബാങ്ക്) ശാഖകൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

വായ്പാ സഹകരണ സംഘങ്ങൾ എന്നിവ മുഖേന 2020 വർഷത്തിൽ നടപ്പിലാക്കിയിരുന്നു. ടി പദ്ധതി പ്രകാരം കോവിഡ്-19 നിമിത്തം അയൽക്കൂട്ടത്തിന്/കുടുംബത്തിന് ഉണ്ടായിട്ടുള്ള സാമ്പത്തിക ബുദ്ധിമുട്ടിനും അവരുടെ സാമ്പത്തിക സ്ഥിതിക്ക് ആനുപാതികമായും ഒരംഗത്തിന് 5,000/10,000/15,000/20,000 എന്നിങ്ങനെ പരമാവധി 20,000 രൂപ വരെ വായ്പ അനുവദിക്കുന്നു. ബാങ്കുകൾ 8.50% മുതൽ 9% വരെ പലിശ നിരക്കിൽ (പരമാവധി 9%) അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നു. 6 മാസം മൊറട്ടോറിയം ഉൾപ്പെടെ 36 മാസമാണ് വായ്പാ കാലാവധി. വായ്പയുടെ പലിശ തുക 3 വാർഷിക ഗഡുക്കളായി സർക്കാരിൽനിന്നും സബ്സിഡിയായി അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കുടുംബശ്രീ മുഖേന ലഭ്യമാക്കുന്നതാണ്.

സഹകരണ ബാങ്ക് വായ്പ തിരിച്ചടവ്

342 (727) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ വായ്പാ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയവർക്കെതിരെ ജപ്തി നടപടികൾ സ്വീകരിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോവിഡ് മഹാമാരിയുടെ ദുരിതകാലത്ത് വരുമാനമില്ലാതെ വായ്പ യഥാസമയം തിരിച്ചടയ്ക്കാൻ കഴിയാതെ പോയവർക്ക് കൂടുതൽ സമയം അനുവദിക്കുന്നതിനും പലിശയിൽ ഇളവുകൾ അനുവദിക്കുന്നതിനും ജപ്തി നടപടികൾ ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് ജപ്തി നടപടികളിലും തിരിച്ചടവിൽ സാവകാശം അനുവദിക്കുന്നതിലും സഹകരണ ബാങ്കുകൾ അനുവദനീയമായ പരമാവധി ഇളവുകൾ നൽകുന്നുണ്ട്. വായ്പക്കാർക്ക് അവരുടെ കടബാദ്ധ്യതയിൽ നിന്നും പരമാവധി മോചനം നൽകുന്നതിനും ബാങ്കിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനുമായി കേരള സംസ്ഥാന സഹകരണ ബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും ഇളവുകളോടെ വായ്പകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ 32/2021 സർക്കുലർ നിർദ്ദേശങ്ങൾക്ക് വിധേയമായി നവകേരളീയം കുടിശ്ശിക നിവാരണം പദ്ധതി 2021 പ്രകാരം നിയമാനുസൃത ഇളവുകൾ, സാവകാശം എന്നിവ അനുവദിക്കുകയും ജപ്തി നടപടികൾ നിർത്തിവയ്ക്കുകയും ചെയ്തിട്ടുണ്ട്.